പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*645. 03.04.2018 ൽ മറുപടിയ്ക്ക്

## ലഹരി ഉപഭോഗം കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.നൗഷാദ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.വി.കെ.സി.മമ്മത് കോയ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ എത്ര മദ്യശാലകൾ ഉണ്ടായിരുന്നെന്നും നിലവിൽ എത്രയുണ്ടെന്നും ഈ സർക്കാർ പുതുതായി ഏതെങ്കിലും മദ്യശാലയ്ക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ നിലവിലുണ്ടായിരുന്ന മദ്യശാലകളുടെ എണ്ണം ചുവടെ ചേർക്കുന്നു |

| | |
|---|---|
| ബാർ | 29 |
| ബീയർ/വൈൻ പാർലർ | 813 |
| വിദേശമദ്യ ചില്ലറ വില്പന ശാലകൾ | 306 |
| ക്ലബ്ബുകൾ | 32 |
| ക്യാന്റീൻ | 46 |
| കള്ള്ഷാപ്പ് | 4234 |
| ആകെ | 5460 |

ഇപ്പോൾ പ്രവർത്തിക്കുന്ന മദ്യശാലകളുടെ എണ്ണം ചുവടെ പറയും പ്രകാരമാണ്.

| | |
|---|---|
| ബാർ | 287 |
| ബീയർ/വൈൻ പാർലർ | 427 |
| വിദേശമദ്യ ചില്ലറ വില്പന ശാലകൾ | 300 |
| ക്ലബ്ബുകൾ | 34 |
| ക്യാന്റീൻ | 37 |
| കള്ള്ഷാപ്പ് | 3791 |
| ആകെ | 4876 |

<table>
<tr><td></td><td></td><td></td><td>പുതുതായി അനുവദിച്ചവയുടെ എണ്ണം
<table>
<tr><td>ബാർ</td><td>77</td></tr>
<tr><td>ബീയർ/വൈൻ പാർലർ</td><td>13</td></tr>
<tr><td>ക്ലബ്ബുകൾ</td><td>2</td></tr>
<tr><td>ആകെ</td><td>92</td></tr>
</table></td></tr>
<tr><td>(ബി)</td><td>മുൻ സർക്കാർ മദ്യനിരോധനം ഏർപ്പെടുത്തിയിരുന്നോ;</td><td>(ബി)</td><td>ഇല്ല</td></tr>
<tr><td>(സി)</td><td>2015-16 വർഷം വിറ്റ മദ്യത്തിന്റെ അളവ് മുൻ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിഞ്ഞ 2010-11 വർഷത്തെ അളവുമായി താരതമ്യപ്പെടുത്തിക്കൊണ്ടുള്ള കണക്കുണ്ടോ; എങ്കിൽ അറിയിക്കാമോ;</td><td>(സി)</td><td>2010-11 ലും 2015-16 ലും വിറ്റ മദ്യത്തിന്റെ അളവ് താഴെ കൊടുക്കുന്നു (ലക്ഷം കേയ്സിൽ)
<table>
<tr><td></td><td>2010-11</td><td>2015-16</td></tr>
<tr><td>ഇന്ത്യൻ നിർമ്മിത വിദേശമദ്യം</td><td>217.41</td><td>201.75</td></tr>
<tr><td>ബിയർ</td><td>85.61</td><td>154.20</td></tr>
</table></td></tr>
<tr><td>(ഡി)</td><td>ലഹരി ഉപഭോഗം കുറച്ചു കൊണ്ടുവരുന്നതിന് ഈ സർക്കാർ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?</td><td>(ഡി)</td><td>മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ, 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ, ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സാമൂഹ്യ സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ സഹകരണവും പങ്കാളിത്തവും പ്രയോജനപ്പെടുത്തി ആവിഷ്കരിച്ചു വരുന്നു. തീരദേശമേഖലകൾ, ആദിവാസി കോളനികൾ, സ്കൂൾ/കോളേജ് തലങ്ങൾ എന്നിവിടങ്ങളിലും വിമുക്തിയുടെ കീഴിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br>ലഹരി വ്യാപനത്തിനെതിരെയുള്ള പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് നവീന സമൂഹ മാധ്യമങ്ങളിലൂടെ എക്സൈസ് കമ്മീഷണറുമായി പൊതുജനങ്ങൾക്ക് ബന്ധപ്പെടുന്നതിന് 9447178000 എന്ന ഔദ്യോഗിക മൊബൈൽ ഫോൺ നമ്പരും ലഹരി മുക്തി പദ്ധതി പ്രകാരം ഐഡിയ മൊബൈൽ</td></tr>
</table>

| | | | |
|---|---|---|---|
| | | | കമ്പനി 9061178000 എന്ന നമ്പരിൽ ഒരു സൗജന്യ വാട്സ് ആപ്പ് ലൈനും ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലഭിക്കുന്ന പരാതികളിന്മേൽ 24 മണിക്കൂറിനുള്ളിൽ നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ടെലഫോൺ സംവിധാനവും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളും പ്രവർത്തിച്ചു വരുന്നു.<br>ലഹരിയ്ക്കെതിരെ 'കായികലഹരി' എന്ന സന്ദേശവുമായി കുട്ടികളെയും യുവാക്കളെയും കായികരംഗത്തേക്ക് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വിമുക്തിമിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് കേരളത്തിലെ 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെൻററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഡീ-അഡിക്ഷൻ സെന്റർ, പുനരധിവാസ സൗകര്യങ്ങളടക്കം രൂപീകരിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ